ഖുത്വ്ബ നമ്പർ

**01**

**04-01-2013**

بسم الله الرحمن الرحيم ○ نحمده ونصلى على رسوله الكريم ○ وعلى عبده المسيح الموعود

**ജുമുഅ ഖുത്വ്ബ**

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**

**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ایده الله تعالیٰ بنصره العزیز

**വിവർത്തനം: എം. നാസിർ അഹ്മദ്, കൊടിയത്തൂർ**



# വഖ്ഫ് ജദീദ്: 56-ാം വർഷ പ്രഖ്യാപനം

اَلَّذِيْنَ يُنْفِقُوْنَ اَمْوَالَهُمْ فِيْ سَبِيْلِ اللّٰهِ ثُمَّ لَا يُتْبِعُوْنَ مَآ اَنْفَقُوْا مَنًّا وَّلَآ اَذًى ۙ لَّهُمْ اَجْرُهُمْ عِنْدَ رَبِّهِمْ ۚ وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُوْنَ ﴿۲۶۳﴾

ഈ ആയത്തിന്റെ അർഥം ഇപ്രകാരമാണ്. തങ്ങളുടെ ധനം അല്ലാഹുവിന്റെ മാർഗത്തിൽ ചെലവു ചെയ്യുകയും എന്നിട്ട് അതിനെത്തുടർന്ന് തങ്ങൾ ചെലവു ചെയ്തത് ഔദാര്യമായി എടുത്തു പറയാതിരിക്കുകയും വേദനിപ്പിക്കാതിരിക്കുകയും ചെയ്യുന്നവർക്ക് അവരുടെ നാഥന്റെ പക്കൽ അവർക്ക് അർഹിക്കുന്ന പ്രതിഫലം ഉണ്ടായിരിക്കും. അവർക്ക് യാതൊരു വിധ ഭയവും ഉണ്ടായിരിക്കുന്നതല്ല. അവർ ദുഃഖിക്കുന്നവരുമല്ല.

ഈ ആയത്തിന്റെ വിഷയം യഥാർഥ അർഥത്തിൽ ഗ്രഹിക്കുന്നത് ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ അംഗീകരിക്കുന്നവരാണ്. മറ്റുള്ളവർക്ക് ഇതിനെ യഥാർഥ അർഥത്തിൽ ഗ്രഹിക്കാൻ സാധ്യമല്ല. നിസ്വാർഥമായി, സ്വമനസ്സാലെ അവർ ധനത്യാഗം ചെയ്യുന്നു. ധനത്യഗം ചെയ്യണമെന്ന ആഗ്രഹം അവരുടെ മനസ്സുകളിൽ ഉണ്ട്. അവരുടെ ആഗ്രഹമനുസ്സരിച്ച് അവർക്ക് ചെയ്യാൻ കഴിയുന്നില്ലെങ്കിൽ അവർ അസ്വസ്ഥരായിത്തീരുന്നു. പഴയവരും പുതിയവരുമായ അഹ്മദികളുടെ അവസ്ഥ ഇതാണ്. ഇന്നലെ ഒരു അറബി കുടുംബം എന്നെ വന്ന് കണ്ടിരുന്നു. ഭാര്യയും ഭർത്താവും വിദ്യാസമ്പന്നരാണ്. പി. എച്ച്. ഡി ചെയ്തവരാണ്. മാശാ അല്ലാഹ് അവരുടെ കുട്ടികളും നല്ലവരാണ്. ദീനിനോട് പ്രത്യേകമായ താത്പര്യമുള്ളവരാണ്. നവാഗതരും യുവ പ്രായക്കാരുമാണവർ. ജമാഅത്തുമായി നല്ല ബന്ധമുള്ളവരും വളരെ താത്പര്യമുള്ളവരുമാണ്. അവരുടെ ഒരു കുട്ടി യുവത്വത്തിലേക്ക് കാലെടുത്തു വെക്കുന്നതെയുള്ളൂ. പത്ത് പതിനാല് വയസ്സ് പ്രായം കാണും. മതപരമായ കാര്യങ്ങളിൽ നല്ല താത്പര്യം കാണാവുന്നതാണ്. കുറച്ചു മാസങ്ങൾക്കുമുമ്പാണ് ബൈഅത്ത് ചെയ്തത്. ഇപ്പോഴുള്ള സാമ്പത്തിക മാന്ദ്യം കാരണം ജോലിയൊന്നുമില്ല. സാമ്പത്തികമായ ഞെരുക്കത്തിലാണ്. പഠനം പൂർത്തിയാക്കി പുറത്തു വന്നതേയുള്ളൂ. വളരെ പ്രയാസത്തിലാണ് ജീവിതം കഴിച്ചുകൂട്ടുന്നത്. ബന്ധുക്കളോട് കടം വാങ്ങിയിട്ടാണ് ജീവിതം മുന്നോട്ട് കൊണ്ടുപോകുന്നത്. ഇതെല്ലാമായിട്ടു കൂടി കുട്ടികളുടെ മാതാവ് എന്നോട് വളരെ വ്യസനത്തോടുകൂടി പറയുന്നത് "ജോലിയില്ലാത്തതു കാരണം പൂർണ്ണമായ രീതിയിൽ ചന്ദ നൽകാൻ കഴിയുന്നില്ല എന്നതിൽ ഞാൻ അസ്വസ്ഥയാണ്." നിങ്ങളുടെ അവസ്ഥ അനുസരിച്ച് നിങ്ങൾക്ക് നൽകാൻ കഴിയുന്നത്ര നല്കിയാൽ മതിയെന്ന് ഞാൻ അവർക്ക് മനസ്സിലാക്കിക്കൊടുത്തു. എന്നാൽ അവർ പറഞ്ഞുകൊണ്ടിരുന്നത് മറ്റു അഹ്മദികളിൽനിന്നും ത്യാഗത്തിന്റെ ഒരു കാര്യത്തിലും ഞാൻ പിന്നിൽ നിൽക്കാൻ ആഗ്രഹിക്കുന്നില്ല എന്നാണ്. അവർ കുറച്ചു മാസങ്ങൾക്ക് മുമ്പാണ് ബൈഅത്ത് ചെയ്തത് എന്ന് നാം ഓർക്കണം. വളരെ അസ്വസ്ഥയായി ഇതു തന്നെയാണ് പറഞ്ഞുകൊണ്ടിരുന്നത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ജമാഅത്തിൽ ഉണ്ടായിരിക്കുന്ന ഈ വിപ്ലവം കാരണം അവരാരും തന്നെ തങ്ങൾ ചെയ്തിരിക്കുന്ന ത്യാഗങ്ങൾ എടുത്തുപറഞ്ഞുകൊണ്ട് മറ്റുള്ളവരെ വേദനിപ്പിക്കുന്ന പ്രശ്നം തന്നെ ഉദിക്കുന്നില്ല. തങ്ങൾക്ക് വേണ്ടത്ര ത്യാഗം ചെയ്യാൻ സാധിക്കുന്നില്ല എന്ന പ്രയാസം മാത്രമേ അവർക്കുള്ളൂ. ജമാഅത്ത് ഉദ്ദേശിക്കുന്ന രീതിയിൽ ത്യാഗത്തിന്റെ നിലവാരം ഉയർത്താൻ കഴിയുന്നില്ല എന്നതിലാണ് അവർ വിഷമിക്കുന്നത്.

ചിലപ്പോൾ ഏതെങ്കിലും വ്യക്തിയെ ജമാഅത്ത് ശിക്ഷിക്കുന്നു. അവർക്ക് നൽകുന്ന ശിക്ഷ അവരോട് ഇനി ചന്ദ വാങ്ങരുത് എന്നായിരിക്കും. അപ്പോൾ അവർ വളരെ അസ്വസ്ഥരായിക്കൊണ്ട് എനിക്ക് എഴുതാറുള്ളത് 'ഈ ശിക്ഷക്ക് പകരം ഞങ്ങൾക്ക് മറ്റു വല്ല ശിക്ഷയും തന്നാലും. ഏതൊരു കാര്യത്തിനാണോ ഞങ്ങൾ ശിക്ഷിക്കപ്പെട്ടിട്ടുള്ളത് അതിന് ആദ്യമായി ഞങ്ങൾ മാപ്പു ചോദിക്കുന്നു. മാത്രമല്ല അതിൽ നിന്നും പശ്ചാത്തപിച്ചു മടങ്ങി സ്വയം സംസ്കരണം വരുത്താൻ ഞങ്ങൾ ശ്രമിക്കുന്നതാണ്. എന്നാൽ ശിക്ഷ നൽകാൻ തന്നെയാണ് ഉദ്ദേശ്യമെങ്കിൽ അല്ലാഹുവിന് വേണ്ടി ചന്ദ നൽകുന്നതിൽ നിന്നും ഞങ്ങളെ തടയരുത്. ഇത് ഞങ്ങളുടെ പ്രകൃതത്തിന്റെ ഭാഗമായിത്തീർന്നിരിക്കുകയാണ്.' ഹദ്റത്ത് മസീഹ് മൗഊദ് (അ) രൂപീകരിച്ച ജമാഅത്ത് അത്ഭുതകരമായ ജമാഅത്താണ്. സാമ്പത്തിക ത്യാഗം ചെയ്യുന്ന കാര്യത്തിൽ പ്രത്യേകമായ ആനന്ദമാണ് അവർ അനുഭവിക്കുന്നത്. അതിൽ നിന്നും തടയുമ്പോഴാണ് അവർ അസ്വസ്ഥരാകുന്നത്. ഇന്ന് ഭൂമുഖത്ത് ഈയൊരു ആവേശം ഉൾക്കൊള്ളുന്ന മറ്റൊരു ജമാഅത്തിനെയും നിങ്ങൾക്ക് കാണാൻ സാധ്യമല്ല.

അഹ്മദിയ്യത്തിന്റെ എതിരാളികൾ ഞങ്ങൾ അതുമിതും ചെയ്യുമെന്നൊക്കെയുള്ള പൊള്ളയായ വാദങ്ങൾ ഉന്നയി

ക്കാറുണ്ട്. എന്നാൽ അവരുടെ ആളുകൾക്കിടയിൽ അവർ പറയാറുള്ള കാര്യങ്ങൾ പൊതുവിൽ കേൾക്കാറുള്ളതാണ്. 'ഖാദിയാനികൾ, മിർസായികൾ ( ഇങ്ങിനെയാണ് അവർ നമ്മേക്കുറിച്ച് പറയാറുള്ളത്) അവരുടെ ആവശ്യങ്ങൾക്കായി എത്രമാത്രം ത്യാഗങ്ങളാണ് ചെയ്യുന്നത്. എന്നാൽ ഒരു മസ്ജിദ് നിർമ്മാണത്തിനോ മറ്റു പദ്ധതികൾക്കായോ നിങ്ങളൊന്നും ചെലവഴിക്കുന്നില്ല.' അനഹ്മദി മുല്ലമാരുടെയും അവരുടെ സംഘടനകളുടെയും ഇവ്വിധമുള്ള പ്രഖ്യാപനങ്ങൾ പാക്കിസ്ഥാനിലോ ഇന്ത്യയിലോ മാത്രമല്ല നമുക്ക് കേൾക്കാൻ സാധിക്കുന്നത്, മറിച്ച് ആഫ്രിക്കയിലെ മുസ്‌ലിം നാടുകളിലും നമുക്ക് ഇത് കേൾക്കാൻ സാധിക്കുന്നു. ഇനി അവർ വല്ലതും ചെലവഴിച്ചെങ്കിൽ തന്നെ അത് കൊട്ടിഘോഷിക്കുകയും ചെയ്യും. ഇന്ന പള്ളിക്ക് വേണ്ടി, ഇന്ന ജനസേവന പ്രവർത്തനത്തിനുവേണ്ടി ഞങ്ങൾ ഇത്ര നൽകിയെന്ന് അവർ വിളിച്ചു പറയും. ഈ പണം നൽകുന്നവരും ഏതൊരു സംഘടനകൾക്കാണോ നൽകുന്നത് അവരും തമ്മിൽ പിന്നീട് തർക്കം ഉടലെടുക്കുന്നു. ഞങ്ങൾ ഇത്ര പണം നൽകിയിരുന്നുവെന്നും അത് വേണ്ട രീതിയിൽ ചെലവഴിച്ചിട്ടില്ലെന്നും അതിന്റെ കണക്കുകൾ ബോധിപ്പിക്കുക എന്നും പറഞ്ഞായിരിക്കും തർക്കമുണ്ടാകുക. ഇത് യഥാർഥ രീതിയിൽ അല്ല നിങ്ങൾ ചെലവഴിച്ചിരിക്കുന്നത് എന്നവർ പറയുന്നു.

ജമാഅത്തിന്റെ സമ്പത്തിൽ അല്ലാഹു വലിയ അനുഗ്രഹങ്ങൾ വെച്ചിട്ടുണ്ട് എന്നതും അല്ലാഹുവിന്റെ വലിയൊരനുഗ്രഹമാണ്. അതു മറ്റുള്ളവരിൽ നമുക്ക് കാണാൻ സാധ്യമല്ല. കുറച്ചു നാൾ മുമ്പ് ഞാൻ ജർമനിയിലെ ജാമിഅ അഹ്മദിയ്യ ഉദ്ഘാടനം ചെയ്യുകയുണ്ടായി. അവിടെ ഒരു മുസ്‌ലിം പത്രപ്രതിനിധി എന്നോട് ചോദിച്ചത് ഈ പദ്ധതിക്കായി ഗവർമെന്റിൽ നിന്നോ മറ്റു സംഘടനകളിൽ നിന്നോ വല്ല സഹായവും നിങ്ങൾ വാങ്ങിയിട്ടുണ്ടോ? എന്നാണ്. അദ്ദേഹം പാക്കിസ്ഥാൻ പത്രത്തിന്റെ പ്രതിനിധിയായിരുന്നു. ഞാൻ പറഞ്ഞു: ഞങ്ങളുടെ എല്ലാ പ്രവർത്തനവും ജമാഅത്തംഗങ്ങൾ നൽകുന്ന ചന്ദയിൽ നിന്നാണ് നടക്കുന്നത്. ഈ കെട്ടിടവും ജമാഅത്തംഗങ്ങൾ നൽകിയ ചന്ദയിൽ നിന്നാണ് ഉണ്ടാക്കിയത്. എന്നാൽ ഇതിൽ ഞങ്ങൾ ചെലവഴിച്ചിരിക്കുന്ന പണം വെച്ചുനോക്കുമ്പോൾ ഗവർമെന്റോ മറ്റേതെങ്കിലും സംഘടനയോ ചെലവഴിക്കുകയാണെങ്കിൽ ഞങ്ങൾ ചെലവഴിച്ചതിന്നെക്കാളും എത്രയോ കൂടുതൽ ചെലവഴിക്കേണ്ടി വരുമായിരുന്നു. ചുരുക്കത്തിൽ അല്ലാഹു ജമാഅത്തിന്റെ പണത്തിൽ വലിയ അനുഗ്രഹങ്ങളാണ് വെച്ചിരിക്കുന്നത്. കുറഞ്ഞ മൂലധനമാണെങ്കിലും വലിയ വലിയ പ്രവർത്തനങ്ങൾ ചെയ്യാൻ നമുക്ക് സാധിക്കുന്നു. ജമാഅത്തംഗങ്ങൾ ഏതൊരു സദുദ്ദേശ്യത്തോടുകൂടിയാണോ പണം നൽകുന്നത് അതിനനുസരിച്ച് അല്ലാഹു അതിൽ അനുഗ്രഹങ്ങളും ചൊരിയുന്നു.

ഞാനിവിടെ മറ്റൊരുകാര്യം കൂടി പറയാൻ ആഗ്രഹിക്കുകയാണ്. ജമാഅത്തംഗങ്ങൾ പണം നൽകി അതെവിടെ ചെലവഴിച്ചു എന്ന കണക്കുകളൊന്നും ചോദിക്കാറില്ല. തങ്ങൾ നൽകിയതിനെ ജമാഅത്തിനോടു ചെയ്ത വലിയ ഔദാര്യമായി എടുത്ത് പറയുകയും ചെയ്യുന്നില്ല. എന്നാൽ ഈ പണം ചെലവഴിക്കാൻ ചുമതലപ്പെടുത്തപ്പെട്ട ഭാരവാഹികൾ വളരെയധികം സൂക്ഷ്മതയോടുകൂടി കാൽവെക്കേണ്ടതാണ്. ചെലവു ചെയ്യുമ്പോൾ സൂക്ഷിച്ച് ചെലവു ചെയ്യണം. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ദുആകൾ മുഖേനയാണ് നാം ഈ സമ്പത്തെല്ലാം കാണുന്നത്. ജമാഅത്തിന്റെ സമ്പത്തുകൾ അല്ലാഹു വർദ്ധിപ്പിക്കുന്നതായി നാം കാണുക തന്നെ ചെയ്യുന്നതാണ്. ഇതോടൊപ്പം ഹദ്റത്ത് മസീഹ് മൗഊദ് (അ) നമ്മുടെ മുമ്പാകെ വെച്ചിരിക്കുന്ന ഒരു വ്യാകുലത നാം മുമ്പിൽ വെക്കേണ്ടതാണ്. പണം സ്വരുക്കൂട്ടപ്പെടുമെന്നത് തീർച്ചയാണ്. എന്നാൽ ഇത് ചെലവഴിക്കുന്നവരുടെ മനസ്സ് ഭൗതികതയിലേക്ക് ചായുമോ എന്ന ആശങ്കയാണ് ആ മഹാത്മാവ് പ്രകടിപ്പിച്ചത്. അവർക്ക് ജമാഅത്തിന്റെ സമ്പത്ത് പാഴായിപ്പോകുന്നതിൽ വേദനയുണ്ടാകുമോ എന്ന സംശയമാണ് അദ്ദേഹം പ്രകടിപ്പിച്ചിരുന്നത്.

അഹ്മദിയ്യാ ജമാഅത്തിൽ ചെലവു ചെയ്യുന്നതിന് പ്രത്യേകമായ ഒരു സംവിധാനമുണ്ട്. അത് പല ഘട്ടങ്ങളിൽ പരിശോധിക്കപ്പെടുന്നു. എന്നിരുന്നാലും അത് ചെലവഴിക്കുന്നവർ വളരെ സൂക്ഷിച്ച് ചെലവു ചെയ്യേണ്ടതാണ്. അവർ കൂടുതൽ ഇസ്തിഗ്ഫാറും തൗബയും ചെയ്യുക. ജമാഅത്ത് വളരുകയും സമ്പത്ത് വർദ്ധിക്കുകയും ചെയ്യുമ്പോൾ എതിരാളികൾ ഒരു ഭാഗത്ത് എതിർപ്പുകൾ ശക്തമാക്കുമ്പോൾ മറു ഭാഗത്ത് കപടവിശ്വാസികളെ ഉപയോഗിച്ചുകൊണ്ട് ജമാഅത്തിനകത്ത് ഭിന്നത ഉണ്ടാക്കാൻ അവർ ശ്രമിക്കുകയും ചെയ്യുന്നതാണ്. അവരുടെ പ്രവർത്തനം ഫലശൂന്യമായിത്തീരും എന്നതിൽ സംശയമൊന്നുമില്ല. എന്നിരുന്നാലും നാം എപ്പോഴും സൂക്ഷ്മത പാലിക്കേണ്ടതാണ്. ഇസ്തിഗ്ഫാറും ദുആയും കൂടുതൽ ചെയ്തുകൊണ്ട് ഇതിനെ നേരിടേണ്ടതാണ്. അല്ലാഹു ജമാഅത്തിന് നൽകിക്കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾ അത് ഓരോ നിമിഷവും നമ്മൾ കണ്ടുകൊണ്ടിരിക്കുന്ന ദൈവിക സഹായമാണ്. അല്ലാഹുമായിട്ടുള്ള ബന്ധം സുദൃഢമാക്കിക്കൊണ്ടിരിക്കുന്നതുവരെ ഈ സഹായങ്ങൾ നാം കണ്ടുകൊണ്ടിരിക്കുന്നതാണ്.

ഏതെങ്കിലും പദ്ധതിയെക്കുറിച്ച് അത് പൂർത്തിയാക്കാൻ കഴിയുമോ എന്ന സന്ദേഹമൊന്നും ഒരിക്കലും എനിക്കുണ്ടായിട്ടില്ല. അല്ലാഹു എപ്പോഴും അതിനുള്ള സംവിധാനങ്ങൾ സ്വയം ഉണ്ടാക്കുകയാണ് പൊതുവിൽ ചെയ്യാറുള്ളത്. ഏതൊരു പദ്ധതി തുടങ്ങിയാലും അത് പൂർത്തീകരിക്കപ്പെടുന്നു. അതിനുള്ള ആവേശം അഹ്മദികളുടെ ഹൃദയത്തിൽ അല്ലാഹു ഇട്ടുകൊടുക്കുന്നു. മുമ്പത്തെക്കാളുപരി ധനത്യാഗത്തിൽ അവർ മുമ്പോട്ടു വരുന്നു.

അല്ലാഹുവിന് വേണ്ടി ധനത്യാഗം ചെയ്യാനുള്ള സന്ദർഭം വരുമ്പോൾ അഹ്മദികൾ വിശപ്പ് സഹിച്ചും ചെലവു ചുരുക്കിയും ത്യാഗങ്ങൾ ചെയ്യുന്നു. വിശപ്പ് സഹിക്കാൻ അവർ തയ്യാറാണെങ്കിലും ചന്ദ നൽകുന്നതിൽ കുറവു വരുത്താൻ അവർ തയ്യാറല്ല. ഇതാണ് പ്രവാചക പ്രസ്ഥാനങ്ങളുടെ അടയാളം. എല്ലാതരം ത്യാഗങ്ങൾക്കും അവർ തയ്യാറാകുന്നു. ത്യാഗങ്ങൾ അവർ ചെയ്യുകയും ചെയ്യുന്നുണ്ട്. എല്ലാം ചെയ്തിട്ടും അവർ പറയുന്നത് വേണ്ട വിധത്തിൽ ഞങ്ങൾക്ക് ചെയ്യാൻ കഴിഞ്ഞില്ല എന്നാണ്. ഇതെല്ലാം അല്ലാഹുവിന്റെ കാരുണ്യമായിട്ടാണ് അവർ കരുതുന്നത്. ഞങ്ങൾക്ക് ചന്ദ നൽകാനുള്ള അവസരം നൽകിയത് ജമാഅത്ത് അവരോട്

ചെയ്തിരിക്കുന്ന അനുഗ്രഹമായിട്ടാണ് അവർ കാണുന്നത്. ആരോടെങ്കിലും ചന്ദ വാങ്ങരുതെന്നു പറഞ്ഞ് ശിക്ഷിച്ചാൽ വളരെ അസ്വസ്തരായിക്കൊണ്ട് ഈ ശിക്ഷ പിൻവലിക്കാനായി അപേക്ഷിക്കുന്നു. അവർ പറയുന്നത് ഞങ്ങളോട് ചന്ദ വാങ്ങിയാൽ ജമാഅത്ത് ഞങ്ങളോട് ചെയ്യുന്ന വലിയൊരൗദാര്യമായിരിക്കുമെന്നാണ്.

ജമാഅത്തിന്റെ സംവിധാനത്തെക്കുറിച്ച് ശരിക്കും മനസ്സിലാക്കുകയും ശരിയായ തർബിയ്യത്ത് കിട്ടുകയും ചെയ്തിട്ടുള്ള നവാഗതരും സാമ്പത്തിക ത്യാഗത്തിൽ വളരെയധികം മുന്നോട്ടു വരുന്നു. ചിലപ്പോൾ ഐച്ഛിക ചന്ദകൾക്ക് ജമാഅത്ത് ടാർഗറ്റ് നിശ്ചയിക്കുന്നു. അതിൽ വല്ല കുറവും വന്നാൽ സാമ്പത്തിക ശേഷിയുള്ളവർ പറയാറുള്ളത് ആ കുറവ് ഞങ്ങൾ നികത്താം എന്നാണ്. അവരോട് ആരും നിർബന്ധിക്കാതെയാണ് അവർ ഇത് പറയുന്നത്. ആ കുറവ് ഞങ്ങൾ നികത്താം എന്നത് അവരുടെ ഉള്ളിൽ നിന്നും വരുന്ന ശബ്ദമാണ്. ഇതെല്ലാം എന്തുകൊണ്ട് സംഭവിക്കുന്നു. കാരണം അല്ലാഹുവിൽനിന്നുള്ള ഈ സുവാർത്ത അവർ ശ്രവിച്ചുകൊണ്ടിരിക്കുകയാണ് وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ അവർക്കൊരു ഭയവും ഉണ്ടായിരിക്കുകയില്ല. അവർ ദുഃഖിക്കുകയുമില്ല. പാരത്രിക ജീവിതത്തെക്കുറിച്ചുള്ള വിശ്വാസവും ദൃഢജ്ഞാനവും അവർക്ക് വർദ്ധിക്കുന്നു. ആ ജീവിതത്തെക്കുറിച്ചുള്ള ചിന്തയാണ് അവർക്കുണ്ടാകുന്നത്. അതിനുവേണ്ടിയാണ് അവർ ഇത് ചെയ്യുന്നത്. ഇവ്വിധമുള്ള പ്രവർത്തനങ്ങൾ അവർ ചെയ്യുമ്പോൾ സ്വർഗത്തെക്കുറിച്ചുള്ള സുവാർത്തകൾ അവർക്ക് ലഭിക്കുന്നു. അവരുടെ ഭാവി ഭാസുരമാക്കാൻ അവർ ശ്രമിക്കുന്നു. അതിന്റെ പാരമ്യത പരലോകത്തായിരിക്കുമെങ്കിലും അല്ലാഹു ഒരിക്കലും കടമായിട്ട് വെക്കാറില്ല. ഈ ലോകത്ത് വെച്ചും നൽകുന്നതാണെന്ന് പറയുന്നു. ഇവിടെയും വലിയ വലിയ അനുഗ്രങ്ങൾ അവൻ നൽകുന്നു. ഖുദ്സിയായ ഒരു ഹദീസുണ്ട്. തിരുനബി (സ.അ) പറയുന്നു: "അല്ലാഹു പറയുന്നു. ആദമിന്റെ മക്കളെ! നിങ്ങൾ ചെലവു ചെയ്തുകൊണ്ടിരിക്കുക. ഞാൻ നിങ്ങൾക്ക് നൽകിക്കൊണ്ടിരിക്കുന്നതാണ്." അല്ലാഹു എല്ലാവർക്കും നൽകുന്നതാണ്. എന്നാൽ അവന്റെ ദീനിനുവേണ്ടി ആരാണോ ചെലവഴിക്കുന്നത് അവർക്ക് അനന്തമായ അനുഗ്രഹങ്ങൾ അല്ലാഹു നൽകുന്നു. അതുകൊണ്ട് അല്ലാഹു ഒരിക്കലും കടം വെക്കാറില്ല. സദുദ്ദേശ്യത്തോടുകൂടി, അവന്റെ പ്രീതി കരസ്ഥമാക്കുന്നതിനുവേണ്ടി നാം ത്യാഗം ചെയ്യണമെന്നു മാത്രം.

ഈയവസരത്തിൽ ചില സംഭവങ്ങളാണ് നിങ്ങളെ കേൾപ്പിക്കാൻ ഞാൻ ഉദ്ദേശിക്കുന്നത്. ലോകത്തിന്റെ വിവിധ നാടുകളിൽ, ദരിദ്രരും ധനവാന്മാരുമായ അഹ്മദികളിൽ ധനത്യാഗരംഗത്ത് പ്രത്യേകമായ ഒരാവേശം വെച്ചിരിക്കുന്നു എന്ന് ഈ സംഭവങ്ങളിൽ നിന്നും നമുക്ക് മനസ്സിലാകുന്നതാണ്. മാത്രമല്ല അവരവരുടെ വിശ്വാസവും ദൃഢജ്ഞാനവും വർദ്ധിക്കുന്നതിനുവേണ്ടി ത്യാഗങ്ങൾക്കു ശേഷം വലിയ വലിയ അനുഗ്രഹങ്ങളും അല്ലാഹു അവർക്ക് നൽകിയിട്ടുണ്ട്.

ഒരു നവ ജമാഅത്തിന്റെ സംഭവമാണ് ഞാൻ പറയാൻ പോകുന്നത്. ഈ സംഭവങ്ങളിലൂടെ സാമ്പത്തിക ത്യാഗം മാത്രമല്ല മനസ്സിലാകുന്നത് അതോടൊപ്പം ഖിലാഫത്തിനോടുള്ള സ്നേഹവും ആത്മാർഥതയും കൂടി പ്രകടമാകുന്നതാണ്. ആഫ്രിക്കയിലെ ദൂരദേശത്തുള്ള ഒരു ജമാഅത്താണിത് നൈജർ. അവിടെയുള്ള മുബല്ലിഗ് സാഹിബ് എഴുതുകയാണ്. 'ഈ വർഷം ലണ്ടൻ വാർഷിക സമ്മേളന സമയത്ത് മുബല്ലിഗുമാരുടെ മീറ്റിംഗിൽ ആഫ്രിക്കൻ മുബല്ലിഗുമാരോട് ഹുസൂർ പറഞ്ഞിരുന്നു; ആഫ്രിക്കയിൽ ചന്ദയിൽ കൂടുതൽ പേരെ ഉൾപ്പെടുത്താനുള്ള സാധ്യതകളുണ്ട്. ഇതു കേട്ടതിനുശേഷം അദ്ദേഹം ആഫ്രിക്കയിൽ പോകുകയും അവിടെപ്പോയി ജമാഅത്തംഗങ്ങളോട് ഈ കാര്യങ്ങൾ സംസാരിക്കുകയും ചെയ്തു. അദ്ദേഹം പറയുന്നു: "ബർണിക്കോണി എന്ന എന്റെ ജമാഅത്തിൽ പോയി ഖലീഫത്തുൽ മസീഹ് ഇങ്ങനെ പറഞ്ഞിട്ടുണ്ടെന്ന് ഞാൻ പറഞ്ഞു. ഉടനെത്തന്നെ അവർ ഈ ശബ്ദത്തിന് ലബ്ബൈക്ക് പറഞ്ഞുകൊണ്ട് തങ്ങളുടെ ത്യാഗങ്ങൾ വർദ്ധിപ്പിക്കുകയുണ്ടായി. മുമ്പ് ഉൾപ്പെട്ടവർ മാത്രം പോരാ പുതിയവരും ഇതിൽ അംഗങ്ങളാകണമെന്ന് പറഞ്ഞു. ഇതു കേട്ടപ്പോൾ ബർണിക്കോണി ജമാഅത്തംഗങ്ങൾ ഹുസൂറിന്റെ ശബ്ദത്തിന് ലബ്ബൈക്ക് പറഞ്ഞുകൊണ്ട് കഴിഞ്ഞ വർഷം 16 ചാക്കുകൾ ധാന്യങ്ങൾ ചന്ദയായി നൽകിയപ്പോൾ ഈ വർഷം 52 ചാക്കുകളാണ് ചന്ദയായി അവർ നൽകുകയുണ്ടായി." അവർ കർഷകരാണ്. പണമായി ചന്ദ നൽകാൻ അവരുടെ കയ്യിൽ ഉണ്ടാകില്ല. അവർ ധാന്യങ്ങളാണ് ചന്ദയായി നൽകിയിരുന്നത്. ഇത് ചെറിയൊരു ജമാഅത്താണ്. നൂറേ അമ്പതോ ആണ് ആ ഗ്രാമത്തിലെ ജനസംഖ്യ. അവരാണ് ഇത്രയും നൽകിയത്. അതോടൊപ്പം കഴിഞ്ഞ വർഷത്തേക്കാളിരട്ടി തുകയും അവർ ചന്ദയായി നൽകി.

അമീർ സാഹിബ് നൈജർ എഴുതുന്നു. ഗടാൻ ബറാവൂ എന്ന ജമാഅത്തിൽ നിന്ന് ചന്ദയിനത്തിൽ നൽകിയ ധാന്യങ്ങൾ ഇവിടെനിന്ന് കൊണ്ടു പോകുക എന്ന സന്ദേശം കിട്ടി. ഞങ്ങൾ വണ്ടിയുമായി പോയി. അത് കയറ്റി ഞങ്ങൾ തിരിച്ചു വരികയായിരുന്നു. അപ്പോൾ രാത്രി പത്തു മണിയായിരുന്നു. ഞങ്ങൾ അടുത്ത ഗ്രാമമായ ടപ്കാവ എന്ന ഗ്രാമത്തിലൂടെ കടന്നു പോകുകയായിരുന്നു. അപ്പോൾ അവിടെ വഴിയിൽ കുറച്ചു ഖാദിംകൾ നിൽക്കുന്നുണ്ട്. അവർ വണ്ടി നിർത്താനായി കൈകൊണ്ട് ആംഗ്യം കാണിച്ചു. അവർ പറഞ്ഞു. 'സദർ ലജ്ന പറഞ്ഞതുകൊണ്ടാണ് ഞങ്ങൾ ഇവിടെ കാത്തു നിൽക്കുന്നത്. ഞങ്ങൾ വൈകുന്നേരം മുതൽ നിങ്ങളെയും കാത്ത് ഇവിടെ നിൽക്കുന്നുണ്ട്. നിങ്ങൾ ഇതിലെ പോകുമ്പോൾ അവരുടെ ഒരു സന്ദേശം നൽകാൻ വേണ്ടിയാണ് ഞങ്ങൾ നിൽക്കുന്നത്. സദ്ർ സാഹിബ ലജ്ന ചന്ദ നൽകുന്നതിന്നായി കുറേ ധാന്യങ്ങൾ ഒരുമിച്ച് കൂട്ടിയിരുന്നു. - പുരുഷന്മാർ നൽകുന്നത് കൂടാതെ ലജ്നകൾ വേറെത്തന്നെ ചന്ദ നൽകാനാണ് ഉദ്ദേശിക്കുന്നത് - അതിനവർ കഠിനാധ്വാനം ചെയ്യുകയും ധാന്യങ്ങൾ ഒരുമിച്ച് കൂട്ടുകയും ചെയ്തു. അതു നൽകാനാണ് ഈ ഖാദിംകൾ ഇവിടെ നിൽക്കുന്നത്. വളരെ ചെറിയൊരു ജമാഅത്ത്. വളരെ നിസ്സാരന്മാരാണവർ. എത്രമാത്രം ത്യാഗം ചെയ്തുകൊണ്ടാണ് അവർ ഇത് ഒരുമിച്ച് കൂട്ടിയതെന്ന് നോക്കുക.

ബെനിനിൽ നിന്നും അല്ലാ റീജനിലെ മുബല്ലിഗ് സാഹിബ് എഴുതുന്നു. സോയോ ഗ്രാമത്തിലെ പ്രസിഡന്റ് സാഹിബ് പറയുന്നു. അവർ ബിംബാരാധകരിൽ നിന്നും ഇസ്ലാം മതം

സ്വീകരിച്ചവരാണ്. ബഹുദൈവങ്ങളുടെ മുമ്പാകെ കുമ്പിടുന്ന ഇവർ ഏകദൈവത്തിന്റെ മുമ്പിൽ കുമ്പിടുന്നവരായി മാറി. ചന്ദ വഖ്ഫ് ജദീദ് വാങ്ങാൻ വേണ്ടി അവിടെ പോയപ്പോൾ അദ്ദേഹം 450 ഫ്രാങ്ക് സീഫേ ചന്ദയായിട്ട് നൽകി. ഉച്ചക്ക് എന്ത് കഴിക്കും എന്നൊന്നും അവർ ചിന്തിച്ചില്ല. അദ്ദേഹത്തിന്റെ വീട്ടിൽ ഒന്നുമുണ്ടായിരുന്നില്ല. മോട്ടോർ സൈക്കിൾ റിക്ഷ ഓടിപ്പിക്കുന്ന ആളായിരുന്നു. ചന്ദ നൽകിയതിനു ശേഷം മോട്ടോർ സൈക്കിളുമായി പുറത്തേക്ക് പോയി. അല്ലാഹു വല്ലതും നൽകുമല്ലോ എന്ന പ്രതീക്ഷയിലാണ് പുറപ്പെട്ടത്. 'ഉച്ചക്കില്ലെങ്കിൽ വൈകുന്നേരമെങ്കിലും കഴിക്കാമെല്ലോ. അതുകൊണ്ട് എന്ത് പ്രശ്നം വരാനാണ്.' അദ്ദേഹം മോട്ടോർ സൈക്കിളിൾ പെട്രോൾ നിറച്ചതും കടം വാങ്ങിയിട്ടാണ്. അദ്ദേഹം തിരിച്ചു വന്നപ്പോൾ ആയിരം ഫ്രാങ്ക് സീഫാ മുറബ്ബി സാഹിബിന്റെ കയ്യിൽ കൊടുത്തു. എന്നിട്ട് മുറബ്ബി സാഹിബിനോട് പറയുകയുണ്ടായി. ചന്ദ നൽകുമ്പോൾ ഉച്ചക്കുള്ള ഭക്ഷണത്തെക്കുറിച്ച് പോലും ഞാൻ ചിന്തിച്ചിരുന്നില്ല. മോട്ടോർ സൈക്കിൾ റിക്ഷയിൽ പെട്രോൾ നിറച്ചതും കടം വാങ്ങിയിട്ടാണ്. വെറും കയ്യോടെ പോയ ഞാൻ ഇപ്പോൾ നിറയേ കാഷുമായാണ് തിരിച്ചു വരുന്നത്. അല്ലാഹു അത്രയും യാത്രക്കാരെ എനിക്ക് നൽകുകയുണ്ടായി. രണ്ടായിരം ഫ്രാങ്ക് സീഫയുമായാണ് ഞാൻ തിരിച്ചു വന്നത്. കടം വീട്ടിയതിനുശേഷം അതിന്റെ പകുതി ചന്ദയിനത്തിൽ നൽകുകയാണ്.

അമീർ സാഹിബ് ബുൽക്കീനോ ഫാസു പറയുന്നു: ബോഗോ റീജനിലെ ഒരു നവ അഹ്മദി കമ്പോലെ സഊദ് സാഹിബ് പറയുന്നു. അദ്ദേഹം സാമ്പത്തിക പ്രയാസം കാരണം മൂന്ന് മാസത്തെ ചന്ദ നൽകിയിരുന്നില്ല. ആ സമയത്ത് അദ്ദേഹത്തിന്റെ സാധനങ്ങൾ കളവു പോയി. യുവാവായ മകൻ രോഗിയായി. എല്ലാ രീതിയിലും ചികിത്സിച്ചു. പക്ഷെ സുഖം പ്രാപിച്ചിട്ടില്ല. അദ്ദേഹം പറയുകയാണ്. ഒരു രാത്രി അദ്ദേഹം ഹുസൂറിനെ സ്വപ്നത്തിൽ കാണുകയാണ്. ഹുസൂർ വന്ന് എന്നോട് പറഞ്ഞു. 'കുറേ മാസമായി നിങ്ങൾ ചന്ദ നൽകിയിട്ടില്ല.' അപ്പോൾ ഞാൻ സ്വപ്നത്തിൽ തന്നെ മറുപടി പറയുന്നു. 'ഇരുപത് ദിവസത്തിനുള്ളിൽ ഞാൻ ചന്ദ നൽകുന്നതാണ്.' അങ്ങനെ ഇരുപതു ദിവസത്തിനുള്ളിൽ പാടുപെട്ട് ഞാൻ ചന്ദ നൽകി. ആ ദിവസം തന്നെ എന്റെ മകൻ പൂർണ്ണാമയി സുഖം പ്രാപിച്ചു. സുഖം പ്രാപിച്ചു എന്ന് മാത്രമല്ല മുമ്പത്തേക്കാൾ നല്ല ജോലിയും അവനു ലഭിച്ചു. അതിന്റെ ബർക്കത്തുകൊണ്ട് എനിക്കും പുതിയ മോട്ടോർ സൈക്കിൾ വാങ്ങാനുള്ള തൗഫീഖ് അല്ലാഹു നൽകി. ഹുസൂർ പറഞ്ഞതു കാരണം ഞാൻ ചെയ്ത സാമ്പത്തിക ത്യാഗത്തിന്റെ ഫലമായാണ് എനിക്കീ അനുഗ്രഹങ്ങൾ ലഭിച്ചത്.' നവാഗതരുടെ ആവേശം ഒന്നു നോക്കുക.

ബുൽക്കീനോ ഫാസുവിലെ മുബല്ലിഗ് സാഹിബ് എഴുതുന്നു. നോക്കീ ബടാലാ എന്നത് ഈ റീജനിലെ ഒരു ഗ്രാമമാണ്. അതിന്റെ പ്രസിഡന്റ് ജാലൂ സീത്താ സാഹിബ് പറയുന്നു. അവർ കർഷകരാണ്. അഹ്മദിയ്യത്തിൽ പ്രവേശിക്കുന്നതിനു മുമ്പും അവർ കൃഷി ചെയ്തിരുന്നു. എന്നാൽ അഹ്മദിയ്യത്തിൽ പ്രവേശിച്ചതിനുശേഷം ലഭിച്ചത്ര വിളവ് മുമ്പ് ലഭിച്ചിട്ടേ ഇല്ല. അവർ പറയുന്നു. ഇതിന് ഒരേ ഒരു കാരണമേയുള്ളൂ. അത് ചന്ദ നൽകുന്നു എന്നതാണ്. അഹ്മദിയ്യത്തിൽ പ്രവേശിച്ച് ചന്ദ നൽകാൻ തുടങ്ങിയതിനുശേഷം ഞങ്ങളുടെ അവസ്ഥ തന്നെ മാറിമറിഞ്ഞു. ചന്ദ നൽകാൻ തുടങ്ങിയപ്പോൾ ഞങ്ങളുടെ വിളവിൽ വർദ്ധനവുണ്ടായി. ഇതിനുമുമ്പ് ഈ രീതിയിൽ ഞങ്ങൾ കണ്ടിട്ടില്ല. ചന്ദ നൽകുന്നതുകൊണ്ടുള്ള അനുഗ്രഹം അദ്ദേഹം പറയുന്നു, മുമ്പ് രണ്ട് ചാക്കാണ് ഞങ്ങൾ നൽകിയിരുന്നത്. ഇപ്പോൾ 7 ചാക്ക് ധാന്യങ്ങൾ ഞങ്ങൾക്ക് ചന്ദയായി നൽകാൻ സാധിച്ചു.

മൗലവിമാർ പറയാറുള്ളത്, പാവങ്ങൾക്ക് പൈസ നൽകി ആഫ്രിക്കയിലും ദരിദ്രനാടുകളിലും അഹ്മദികളാക്കുന്നു എന്നാണ്. എന്നാൽ ഇവർക്ക് ജമാഅത്താണോ പൈസ നൽകുന്നത്? ഇവർ സ്വയം ത്യാഗം ചെയ്തുകൊണ്ട് ജമാഅത്തിന് പണം നൽകുകയാണ് ചെയ്യുന്നത്.

അമീർ സാഹിബ് മാലി എഴുതുന്നു: ഞങ്ങളുടെ ഒരു മുഅല്ലിം അബ്ദുൽ ഖാദർ സാഹിബ് പറയുന്നു, സനൂത്തില്ലാ എന്ന ജമാഅത്തിൽ അഹ്മദീ സ്ത്രീകളും പുരുഷന്മാരും വെവ്വേറെ കൃഷി ചന്ദ നൽകാൻ വേണ്ടി ചെയ്യുന്നു. അവർക്ക് സ്വയമായി കൃഷിയുണ്ട്, അതു കൂടാതെ ചന്ദ നൽകാൻ വേണ്ടി മാത്രം അവർ കൃഷി ചെയ്യുന്നു. സ്ത്രീകളും പുരുഷന്മാരും വെവ്വേറെ കൃഷി ചന്ദ നൽകാനായി മാത്രം ചെയ്യുന്നു. അതിൽ നിന്നും കിട്ടുന്ന വരുമാനം പൂർണ്ണമായും ചന്ദ ഇനത്തിൽ നൽകുന്നതാണ്. അവരിൽ നിന്നും 2011ലെ ചന്ദ വാങ്ങാൻ പോയപ്പോൾ പുരുഷന്മാരും സ്ത്രീകളും വേറെ വേറെ ചന്ദ നൽകി. അങ്ങനെ ചാക്ക് എണ്ണിനോക്കിയപ്പോൾ പുരുഷന്മാരുടെത് കൂടുതലായിരുന്നു. ഞങ്ങൾ ചാക്കുകളെല്ലാം തന്നെ ലോഡ് ചെയ്ത് പോകാൻ തുടങ്ങിയപ്പോൾ, സ്ത്രീകൾ പറഞ്ഞു 'നിങ്ങൾ പോകരുത്.' അവർ വീട്ടിൽ പോയി 2 ചാക്ക് കൂടുതൽ ധാന്യങ്ങൾ കൊണ്ടുവന്ന് കൊടുത്തു. പുരുഷന്മാരുടേത് ഒന്നര ചാക്ക് കൂടുതലായിരുന്നു. ഇവർ രണ്ട് ചാക്ക് കൂടുതൽ നൽകി പുരുഷന്മാരെക്കാളും അര ചാക്ക് കൂടുതൽ കൊടുത്ത് മുന്നിലെത്തുകയുണ്ടായി.

അമീർ സാഹിബ് മാലി എഴുതുന്നു, സയീദ് ഉത്തരാവു സാഹിബ് അദ്ദേഹം 6 മാസം മുമ്പാണ് ബൈഅത്ത് ചെയ്തത്. 7000 ഫ്രാങ്ക് ചന്ദയായി കൊടുത്തിരുന്നു. നമ്മുടെ മുഅല്ലിം വീണ്ടും അവരെ കാണാൻ പോയപ്പോൾ, അദ്ദേഹം പറയുകയുണ്ടായി; ബൈഅത്ത് ചെയ്ത് ചന്ദ കൊടുക്കുന്നതിന് മുമ്പ് അദ്ദേഹവും അദ്ദേഹത്തിന്റെ ഭാര്യാമക്കളും എപ്പോഴും രോഗിയാകുമായിരുന്നു. മരുന്നിന് വേണ്ടി എത്രയോ പൈസ ഞങ്ങൾ ചിലവഴിക്കുമായിരുന്നു. ചന്ദ നൽകിയതിന് ശേഷം അദ്ദേഹത്തിന്റെ ഭാര്യയും മക്കളും എല്ലാം തന്നെ വളരെ ആരോഗ്യവാന്മാരാണ്. രോഗം വളരെ കുറവാണ്. മരുന്നിന് വേണ്ടിയുള്ള ചെലവ് വളരെ കുറവാണ്. ഇതെല്ലാം തന്നെ ചന്ദയുടെ ബർക്കത്താണ്.

അമീർ സാഹിബ് ഉഗാണ്ട എഴുതുന്നു, ജമാഅത്ത് വളരെയധികം സാമ്പത്തികത്യാഗത്തിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്, ഞങ്ങളുടെ സുലൈമാൻ മഗാബി സാഹിബ് അമ്പാലയിൽ താമസക്കാരനാണ്. ചന്ദയിൽ വളരെ മുന്നേറുന്ന വ്യക്തിയാണ്. നവാഗതരുടെ പ്രദേശത്ത് വളരെ മനോഹരമായ 2 പള്ളികൾ സ്ഥാപിച്ചു. ഒരു സ്കൂളിന്റെ ബ്ലോക്ക് പൂർണ്ണമായും നിർമ്മിച്ചു. 60 ലക്ഷം ശില്ലിംഗിന്റെ ത്യാഗം

അദ്ദേഹം ചെയ്യുകയുണ്ടായി. ആദ്യം ഒരു പള്ളിയുണ്ടാക്കാനാണ് ഇദ്ദേഹത്തോട് പറഞ്ഞിരുന്നത്, ഇദ്ദേഹം സ്വയം പറയുന്നു, ഞാൻ സാമ്പത്തിക ത്യാഗം ചെയ്യാൻ തുടങ്ങിയതു മുതൽ എവിടെ നിന്നാണ് അല്ലാഹു ഇത്രയും അധികം പണം നൽകുന്നത് എന്ന് എനിക്കറിയുന്നില്ല.

അമീർ സാഹിബ് ഗാമ്പിയ എഴുതുന്നു; ഒരു സുഹൃത്ത് അബ്ദുല്ലാഹ് മലാജോ സാഹിബ് അൽ ഹാജ് ചന്ദ വഖ്ഫെ ജദീദ് ആദ്യം നൽകിയിരുന്നു. രണ്ടാം പ്രാവശ്യം അദ്ദേഹത്തോട് പറഞ്ഞപ്പോൾ, മുമ്പത്തെക്കാൾ കൂടുതലായി അദ്ദേഹം നൽകുകയുണ്ടായി. എന്നാൽ അദ്ദേഹം രണ്ടാം പ്രാവശ്യവും ചന്ദ കൊടുത്തിട്ടുണ്ട് എന്ന് അറിഞ്ഞപ്പോൾ അദ്ദേഹം സന്തോഷത്തോടു കൂടി പറഞ്ഞത്, ഇതും ഹുസൂറിന്റെ പ്രത്യേകമായ പദ്ധതിയാണ്. എത്ര നൽകിയാലും കുറവാണെന്ന് പറയുകയുണ്ടായി.

ലിയോ റീജൺ ബുൽക്കിനോഫാസുവിന്റെ മുബല്ലിഗ് എഴുതുന്നു. 2012 ഒക്ടോബർ 10 ന് ബക്കാഗോ അഗാമി എന്നുള്ള ഒരാൾ മിഷൻഹൗസിൽ വന്നിട്ട് പറഞ്ഞു. ഞാൻ കൃത്യമായി നിത്യവും റേഡിയോ അഹ്മദിയ്യാ കേൾക്കാറുണ്ട്. ഈയൊരു സ്റ്റേഷൻ മാത്രമാണ് എന്റെ വീട്ടിൽ ഓണായി കിടക്കാറുള്ളത്. ഇത് ഇസ്‌ലാമിന് വേണ്ടി വളരെയധികം സേവനം ചെയ്യുന്നുണ്ട്. നന്ദിപ്രകടനമായിട്ട് എനിക്ക് മറ്റൊന്നും ചെയ്യാൻ സാധ്യമല്ല. ഇതിന് വേണ്ടി ചെറിയൊരു സംഭാവന നൽകാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരു ലക്ഷം ഫ്രാൻസ് സീഫാ അദ്ദേഹം നൽകി. കർഷകർക്ക് ഇത്രയും വലിയ സംഖ്യ നൽകുക എന്നുള്ളത് വളരെയധികം പ്രയാസമുള്ള കാര്യമാണ്. അദ്ദേഹത്തിന് ജമാഅത്തിന്റെ സംവിധാനമെല്ലാം പറഞ്ഞ് മനസ്സിലാക്കിക്കൊടുത്തു. അതോടൊപ്പം നൽകിയ ചന്ദയുടെ റസീപ്റ്റും കൊടുത്തു. അദ്ദേഹം അഹ്മദിയായിരുന്നില്ല. അനഹ്മദികളിലും ഇങ്ങനെയുള്ള സ്വാധീനം ഉണ്ടാകുന്നു. അദ്ദേഹം പറയുന്നു, നിങ്ങൾ ഇസ്‌ലാമിന് വളരെയധികം തബ്‌ലീഗ് ചെയ്യാറുണ്ട് അതുകൊണ്ടാണ് ഇത് നൽകുന്നത്. എന്നാൽ ജമാഅത്തിന്റെ സാമ്പത്തിക സംവിധാനം പറഞ്ഞ് കൊടുത്തപ്പേൾ അദ്ദേഹം പറഞ്ഞു 'എനിക്ക് ജമാഅത്തിന്റെ സത്യത മനസ്സിലായി. ഇതിനു മുമ്പും എത്രയോ ചന്ദ ഞാൻ നൽകിയിട്ടുണ്ട്. എന്നാൽ വിശുദ്ധമായിരിക്കുന്ന സാമ്പത്തിക സംവിധാനം അഹ്മദിയ്യാ ജമാഅത്തിൽ മാത്രമാണ് എനിക്ക് കാണാൻ സാധിച്ചത്.

ബെനിയിൽ നിന്നും ലോക്കൽ മുബല്ലിഗ് സക്കരിയാരായിമി സാഹിബ് വിവരിക്കുന്നു, ഇക്ബി ഗ്രാമത്തിലെ ഗർബ ഇബ്രാഹീം സാഹിബിന്റെ ഗർഭിണിയായ ഭാര്യയെ വീട്ടുകാർ ചില പ്രശ്നം കാരണം അവരുടെ വീട്ടിൽ കൊണ്ടുപ്പോയി. പ്രസവം അവിടെ നടന്നു. മകൻ ജനിച്ചു. കുട്ടിയെ തിരിച്ചു കിട്ടാൻ വേണ്ടി കുറേയധികം അദ്ദേഹം പരിശ്രമിച്ചു. വർഷങ്ങളോളം കേസ്സുമായി നടന്നു. പക്ഷെ പരാജയമായിരുന്നു അദ്ദേഹത്തിന് നേരിട്ടിരുന്നത്. അഞ്ച് വർഷം മുമ്പാണ് അദ്ദേഹം അഹ്മദിയായത്. അദ്ദേഹം നേരിടുന്ന ഈ അവസ്ഥയൊന്നും പറഞ്ഞിരുന്നില്ല. എന്നാൽ കേസും പരാജയപ്പെട്ടപ്പോൾ അദ്ദേഹം മുഅല്ലിം സാഹിബിന്റെ അടുത്ത് വന്നുകൊണ്ട് കഥകളെല്ലാം തന്നെ പറഞ്ഞു. എന്നിട്ട് ദുആക്കപേക്ഷിച്ചു. അപ്പോൾ വഖ്ഫെ ജദീദിന്റെ സാമ്പത്തിക വർഷമായിരുന്നു. മുഅല്ലിം സാഹിബ് പറയുന്നു, ഞാൻ അദ്ദേഹത്തോട് പറഞ്ഞു: അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവ് ചെയ്യുമ്പോൾ എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെടുമെന്നാണ് ഞങ്ങളുടെ വിശ്വാസം. നിങ്ങൾ നേരത്തെ അഹ്മദിയാണ്. അതുകൊണ്ട് ചന്ദയുടെ കാര്യത്തിൽ നിങ്ങൾ ശ്രദ്ധിച്ചിട്ടില്ലല്ലോ. അതുകൊണ്ട് ചന്ദ നൽകുക. ഇതുകൊണ്ട് അല്ലാഹ് എല്ലാ പ്രയാസങ്ങളും ദൂരീകരിക്കുന്നതാണ്. അങ്ങനെ ഗാർബ സാഹിബ് വഖ്ഫെ ജദീദിന് 2000 ഫ്രാൻക്സ് സീഫെ നൽകി. അങ്ങനെ മൂന്ന് ദിവസം മുമ്പ് അദ്ദേഹത്തിന്റെ ഫോൺ വന്നു. അല്ലാഹു തആല ചന്ദയുടെ ബർക്കത്തുകൊണ്ട് എന്റെ കുട്ടിയെ അല്ലാഹു തിരിച്ചു നൽകി. എന്റെ ഭാര്യാപിതാവ് ആ കുട്ടിയെ കൊണ്ടു വന്ന് തന്നു. ഒരു പ്രതിഫലവും അവർ ചോദിച്ചിട്ടില്ല. കുട്ടിയെ തിരിച്ചു തരികയാണെങ്കിൽ എത്ര പണം വേണമെങ്കിലും ഞാൻ നൽകാമെന്ന് നേരത്തെതന്നെ പറയുകയും ചെയ്തിരുന്നു. എന്നാൽ അതൊന്നും അവർ ആവശ്യപ്പെട്ടിട്ടില്ല.

തൻസാനിയയിൽ നിന്നും അസൻ തൗഫീഖ് സാഹിബ് പറയുന്നു. അദ്ദേഹം വളരെ കുറഞ്ഞ ചന്ദയാണ് നൽകിയിരുന്നത്. മുബല്ലിഗ് സിൽസില അദ്ദേഹത്തെ നല്ല രീതിയിൽ കാര്യങ്ങൾ മനസ്സിലാക്കിക്കൊടുത്തു. വീട്ടിലേക്ക് ഭക്ഷണത്തിനായി ക്ഷണിക്കുകയും ചെയ്തു. ചന്ദയുടെ കാര്യങ്ങളും അതിന്റെ അനുഗ്രഹങ്ങളും പറഞ്ഞുകൊടുത്തു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം കൃത്യമായി ചന്ദ നൽകാൻ തുടങ്ങി. അങ്ങനെ അത് വർദ്ധിപ്പിച്ചുകൊണ്ടിരുന്നു. അദ്ദേഹം പറയുന്നു: ഇതിനുമുമ്പ് എനിക്ക് ഒരു സമ്പത്തും ഉണ്ടായിരുന്നില്ല. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞാൻ വസിയ്യത്ത് സംവിധാനത്തിൽ അംഗമാണ്. ചന്ദ നൽകിയത് കാരണമായിട്ട് ഈ കുറച്ച് വർഷത്തിനുള്ളിൽ സൺഫ്ളവർ ഓയിലിന്റെ ഒരു മിൽ സ്ഥാപിച്ചു. വീടുണ്ടാക്കി. ഡോഡോമോ പട്ടണത്തിൽ മൂന്ന് ഫ്ളാറ്റ് വാങ്ങി. കുടുംബത്തിലെ അർഹരായ കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള ധനസഹായം നൽകുന്നു. സ്വന്തം ചെലവിൽ പി.എച്ച്.ഡി. ചെയ്യുന്നു. ഇതെല്ലാം തന്നെ അല്ലാഹുവിന്റെ പ്രത്യേക ഫള്‌ലും അതേപ്പോലെ തന്നെ ചന്ദയുടെ അനുഗ്രഹവുമാണ്.

ഇന്ത്യയിലെ ചില സംഭവങ്ങൾ കേൾപ്പിക്കാം. കോഴിക്കോടുള്ള ഒരു വ്യക്തിയുടെ സംഭവമാണ് പറയുന്നത്: ഒരു വ്യക്തിയുടെ വഖ്ഫെ ജദീദിന്റെ ചന്ദ അല്ലാഹുവിന്റെ അനുഗ്രഹത്താൻ 2,01000 രൂപയാണ്. അദ്ദേഹം ചന്ദയെല്ലാം എഴുതുന്നത് തന്റെ കഴിവിന്നതീതമായിട്ടാണ്. അദ്ദേഹം പറയാറുള്ളത്, ഞാൻ ചന്ദ നൽകുമ്പോൾ അല്ലാഹു എന്റെ സാമ്പത്തിക ശേഷി വർദ്ധിപ്പിക്കുന്നുവെന്നാണ്. ഇതുകാരണം വ്യാപാരം നല്ലതുപോലെ വർദ്ധിക്കുമെന്ന് അദ്ദേഹത്തിന് പ്രതീക്ഷയുണ്ട്. സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ വഖ്ഫെ ജദീദിന്റെ ഇൻസ്പെക്ടർ ചന്ദ പിരിക്കാനായി പോയപ്പോൾ ആ വ്യക്തി അദ്ദേഹത്തോട് പറഞ്ഞു; നിങ്ങൾ പ്രത്യേകം ദുആ ചെയ്യണം. എന്റെ എക്കൗണ്ടിൽ പൈസയേ ഇല്ല. എന്നാൽ സാമ്പത്തിക വർഷം അവസാനിക്കാൻ കുറച്ച് ദിവസമേ ബാക്കിയുള്ളൂ. ഏതായാലും അദ്ദേഹം ചെക്കെഴുതിക്കൊടുത്തു. തുടർന്ന് അല്ലാഹു ഫള്‌ല് ചെയ്യുകയും ഈ വർഷത്തിന്റെ അവസാനമായപ്പോൾ

അദ്ദേഹത്തിന്റെ ആ ചെക്ക് മാറി കിട്ടുകയും ചെയ്തു.

ഇന്ത്യയിൽ കേരളത്തിലെ കരുളായിയിലുള്ള റഹ്മാൻ സാഹിബിന്റെ സംഭവമാണ് അടുത്തത്. അദ്ദേഹം മൂസി യാണ്. ഇൻസ്പെക്ടർ പറയുന്നു, വളരെ ആവേശത്തോ ടെയാണ് ഇദ്ദേഹം ചന്ദ നൽകാറുള്ളത്. ഓരോ ചന്ദയ്ക്കും വേണ്ടി പ്രത്യേകം പ്രത്യേകം പാട്ടകൾ അദ്ദേഹം വെച്ചിട്ടുണ്ട്. ഒരു പാട്ട എന്റെ മുന്നിൽ തുറന്നു. ഭാര്യയോട് പറഞ്ഞു, 'നിന്റെ പേഴ്സ് തുറക്കുക. അതിൽ നിന്നും പണം വാങ്ങി വാഗ്ദാനം പൂർത്തിയാക്കിയതിനു ശേഷം 1,75,000 രൂപ കൂടു തൽ നൽകി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം 7,80,000 രൂപ ചന്ദ വഖ്ഫെ ജദീദ് നൽകിയിട്ടുണ്ട്. ഇന്ത്യയിൽ മുമ്പൊന്നും ഇതിലേക്ക് വലിയ ശ്രദ്ധയും താത്പര്യവും ഉണ്ടായിരുന്നില്ല. എന്നാൽ ഇപ്പോൾ നല്ല ശ്രദ്ധ വന്നിരി ക്കുന്നു.

ഇഖ്ബാൽ സാഹിബ് കൺഠോരി, ഇൻസ്പെക്ടർ വഖ് ഫെ ജദീദ് ആന്ധ്രപ്രദേശ് എഴുതുന്നു: ജഡ്ചർല ജമാഅ ത്തിൽ ഒരു സഹോദരനുണ്ട്. 25 വയസ്സാണ് പ്രായം. അല്ലാ ഹുവിന്റെ അനുഗ്രഹത്താൽ സാമ്പത്തിക ത്യാഗത്തിൽ ആന്ധ്രസ്റ്റേറ്റിൽ ഒന്നാം നമ്പറാണദ്ദേഹം. 2011 വർഷത്തേക്ക് 68,000 രൂപയാണ് അദ്ദേഹം വാഗ്ദാനം എഴുതിയിരുന്നത്. സാമ്പത്തിക മാന്ദ്യം കാരണം വളരെയധികം പരിശ്രമിച്ചിട്ടും അദ്ദേഹത്തിനത് കൃത്യ സമയത്ത് അത് അടക്കാൻ സാധി ച്ചിട്ടില്ല. വളരെയധികം നാണിച്ച് നിൽക്കുകയായിരുന്നു അദ്ദേ ഹം. വാഗ്ദാനം ചെയ്തെങ്കിലും സാമ്പത്തിക പ്രയാസം കാരണം അത് അടക്കാൻ സാധിച്ചിട്ടില്ല. ചില സുഹൃത്തുക്കൾ അദ്ദേഹത്തോട് പറഞ്ഞു, നിങ്ങൾ കേന്ദ്രത്തിലേക്ക് മാപ്പിന് എഴുതുക . എന്നാൽ അദ്ദേഹം വളരെ ആവേശഭരിതനായി ചന്ദ നൽകുന്ന ആളായിരുന്നു. അദ്ദേഹം പറഞ്ഞു, അല്ലാ ഹുവിന് വേണ്ടി, ഈ പ്രസ്ഥാനത്തിന് വേണ്ടിയാണ് ഈ വാഗ്ദാനം എഴുതിയത്. അല്ലാഹു എനിക്കത് പൂർത്തിയാക്കി തരുന്നതാണ്. 2012 ൽ വീണ്ടും ഇൻസ്പെക്ടർ അവിടെ വാഗ് ദാനം വാങ്ങാൻ പോയി. അപ്പോൾ അദ്ദേഹം കഴിഞ്ഞ വർ ഷത്തെ അപേക്ഷിച്ച് 77,000 രൂപയാണ് എഴുതിയത്. ആ സമ യത്തും സാമ്പത്തിക ബുദ്ധിമുട്ടിലായിരുന്നു. ഇസ്പെക്ടർ പറയുന്നു: മെയ് മാസത്തിൽ ഞാൻ ചന്ദ പിരിക്കാൻ വേണ്ടി പോയപ്പോൾ കഴിഞ്ഞ വർഷത്തെ ബാലൻസും ഈ വർഷ ത്തെ വാഗ്ദാനവും കൂടാതെ 24000 രൂപ കൂടുതൽ നൽകുക യുണ്ടായി. അദ്ദേഹം പറയുന്നു: 'ചന്ദയുടെ ബർക്കത്തും ഖലീഫയുടെ ദുആയുടെ ഫലവുമാണിത്. ഈ സാമ്പത്തിക പ്രയാസത്തിൽ നിന്നും എനിക്ക് മോചനം ലഭിച്ചു. അങ്ങനെ രണ്ടു വർഷത്തെ ചന്ദയും ഞാൻ ഈ വർഷം കൊടുത്തു വീട്ടുകയാണ്.

ഇന്ത്യയിൽ നിന്നുള്ള മറ്റൊരു സംഭവം ഇൻസ്പെക്ടർ വഖ്ഫെ ജദീദ് ഐ. ആർ. അൻസാർ സാഹിബ് എഴുതുന്നു; വഖ്ഫെ ജദീദ് സന്ദർശന വേളയിൽ ഞാൻ തമിഴ്നാട്ടിലെ കോയമ്പത്തൂർ ജമാഅത്തിൽ എത്തി. ബഡ്ജറ്റ് ഉണ്ടാക്കാൻ വേണ്ടിയായിരുന്നു പോയത്. നാസിം സാഹിബ് മാൽ വഖ്ഫെ ജദീദും എന്നോടൊപ്പമുണ്ടായിരുന്നു. ഉച്ച ഭക്ഷണം ഒരാളുടെ വീട്ടിലായിരുന്നു. സുലൈമാൻ സാഹിബ് എന്നാണ് അദ്ദേഹത്തിന്റെ പേര്. അദ്ദേഹം ഒരു മുഖ്ലിസ് അഹ്മദിയാണ്. അദ്ദേഹത്തിന്റെ 2011 ലെ വഖ്ഫെ ജദീദ് വാഗ്ദാനം 1,60,000 രൂപയായിരുന്നു. വളരെ പ്രയാസപ്പെട്ടാണ് വർഷാവസാനം അദ്ദേഹം ചന്ദ അടച്ചു തീർത്തത്. ഈ വർഷം അദ്ദേഹത്തിന്റെ ബഡ്ജറ്റ് സന്തോഷത്തോടു കൂടി 5,50,000രൂപ എഴുതാൻ വേണ്ടി പറഞ്ഞു. ഇതു കേട്ടപ്പോൾ പെട്ടെന്നെനിക്ക് ഭയമാണ് തോന്നിയത്. 1,60,000 രൂപതന്നെ അടക്കാൻ വളരെ പ്രയാസപ്പെട്ട വ്യക്തി അതിനെക്കാളും മൂന്നിരട്ടി വർദ്ധിപ്പിച്ച് എങ്ങനെയാണ് അത് പൂർത്തിയാക്കുക. നാസിം സാഹിബ് എന്റെ കൂടെയുണ്ടായിരുന്നതുകൊണ്ട് എഴുതുകയല്ലാതെ മറ്റ് നിവൃത്തിയൊന്നും എനിക്കില്ലാ യിരുന്നു. ഭക്ഷണം കഴിച്ച് ദുആ ചെയ്ത് ഞങ്ങൾ അവിടെ നിന്നും പുറത്ത് പോന്നു. സദ്ർ സാഹിബിനൊപ്പം മറ്റൊരു വീട്ടിലേക്ക് ഞങ്ങൾ പോയി. അരമണിക്കൂറിന് ശേഷം ഞാനും നാസിം സാഹിബും സദ്ർ സാഹിബിനൊപ്പം പള്ളി യിലെത്തി. അവിടെ എത്തിയപ്പോൾ മുൻ പറഞ്ഞ വ്യ ക്തിയും പള്ളിയുടെ മുന്നിൽ നിൽക്കുന്നുണ്ടായിരുന്നു. ഞാനും നാസിം സാഹിബും കാറിൽ ഇരിക്കുകയായിരുന്നു. സുലൈമാൻ സാഹിബ് വന്നുകൊണ്ട് പ്ലാസ്റ്റിക്കിന്റെ ഒരു കവർ നൽകി. എന്നിട്ട് പറഞ്ഞു: "ഭക്ഷണത്തിന് ശേഷം അൽ പ്പം മിഠായിയും കൂടി കഴിക്കേണ്ടതാണ്". അപ്പോൾ ഇൻസ് പെക്ടർ സാഹിബ് പറഞ്ഞു: "നാസിം സാഹിബ് മാലിന് ഷുഗറാണ്. അദ്ദേഹം മിഠായി തിന്നില്ല. ഞാൻ തിന്നോളാം." നാസിം സാഹിബ് എനിക്ക് ആ കവർ നൽകുകയായിരുന്നു. അപ്പോൾ സുലൈമാൻ സാഹിബ് പറയുകയുണ്ടായി; "മൗലവി സാഹിബ്! ഇത് തുറന്ന് ദുആ ചെയ്തിട്ട് കൊടു ക്കുക." അപ്പോൾ മൗലവി സാഹിബ് ആ കവർ തുറന്നപ്പോൾ ഒന്നും മിണ്ടാതെ സ്തബ്ദനായി നിന്നുപോയി. ഞാൻ ചോ ദിച്ചു, എന്താണെന്ന്? അപ്പോൾ അദ്ദേഹം സ്തബ്ദനായി നിൽക്കുകയാണ്. ഉടനെത്തന്നെ നാസിം സാഹിബ് ആ കവർ ഇൻസ്പെക്ടർ സാഹിബിന് നല്കി. ഇൻസ്പെക്ടർ സാ ഹിബ് പറയുന്നു; ഞാനത് തുറന്ന് നോക്കിയപ്പോൾ അതിൽ 5,50,000 രൂപയുണ്ടായിരുന്നു. അപ്പോൾ എന്റെ കണ്ണിൽ നിന്നും കണ്ണുനീർ ഒഴുകി. ഞാൻ അദ്ദേഹത്തിന് വേണ്ടി ദുആയും ചെയ്തുകൊണ്ടിരുന്നു. അല്ലാഹു ഏത് രീതിയി ലാണ് അദ്ദേഹത്തിന് വാഗ്ദാനം പൂർത്തിയാക്കാൻ ഈ സംവിധാനം ഒരുക്കിയത് എന്നോർത്തുപോയി. അങ്ങനെ അദ്ദേഹം പൂർണ്ണമായും ചന്ദ അടച്ചുതീർക്കുകയും ചെയ്തു.

സദ്ർ സാഹിബ് ബ്രാമ്ടൺ കനഡ പറയുന്നു, യു.എസ്. എ കാനഡയിൽ നിന്നും ഇവിടെ ഒരാൾ വന്നതായിരുന്നു . റഫ്യൂജി ആയിക്കൊണ്ടാണ് വന്നത്. അതേപോലെതന്നെ അദ്ദേഹത്തിന് അസൈലം കേസ് നടത്താൻ വളരെ പ്രയാ സമായിരുന്നു. അദ്ദേഹത്തിന്റെ മാതാവിനെ ജർമ്മനിയിലേ ക്ക് അയക്കാന് വേണ്ടി 5000 ഡോളർ അദ്ദേഹം സ്വരുക്കൂട്ടി യിരുന്നു. അദ്ദേഹത്തോട് ചന്ദ ചോദിച്ചപ്പോൾ അദ്ദേഹം 5000 ഡോളർ നൽകി. എന്നു മാത്രമല്ല അതിനെക്കാളും കൂടുതലാ യിട്ടുള്ള പൈസ നൽകുകയുണ്ടായി. അതിനു പകരമായിട്ട് അല്ലാഹു അദ്ദേഹത്തിന് വളരെ നല്ല അനുഗ്രഹങ്ങൾ നൽകു കയും അദ്ദേഹത്തിന്റെ അസൈലം കേസ് പ്രയാസമില്ലാതെ പരിഹരിക്കപ്പെടുകയുണ്ടായി. മാത്രമല്ല അവരുടെ ഉമ്മ ഒരാ ഴ്ചക്ക് ശേഷം ജർമ്മനിയിലേക്ക് പോവുകയും ചെയ്തു.

നോർവെ അമീർ സാഹിബ് പറയുന്നു; ഒരു ദിവസം മസ്ജിദ് ബൈത്തു നസറിനെ സംബന്ധിച്ച് ലോക്കൽ ജമാഅത്തംഗങ്ങളെ ഉദ്ബോധിപ്പിക്കുകയുണ്ടായി. നല്ല മഞ്ഞ് പെയ്യുന്ന കാലമായിരുന്നു. അബ്ദുറഹീം മഹ്ദീ സാഹിബ് മർഹും അപ്പോൾ പള്ളിയിൽ വന്നു. എന്നിട്ട് അദ്ദേഹം പറഞ്ഞു, 70,000 കർവൻസ് തുക അദ്ദേഹത്തിന്റെ കയ്യിലുണ്ട്. അത് ഞാൻ പള്ളിക്ക് വേണ്ടി നൽകാൻ ഉദ്ദേശിക്കുകയാണ്. ഇങ്ങനെ ചിലർ യാതൊന്നും ചിന്തിക്കാതെ സ്വതന്ത്രരായി അല്ലാഹുവിന് വേണ്ടി അവർ ധനത്യാഗം ചെയ്യുന്നു. സദുദ്ദേശ്യത്തോടു കൂടി ചെയ്താൽ അത് അല്ലാഹു സ്വീകരിക്കുമെന്ന് അവർക്കറിയാം. അതോടൊപ്പം തന്നെ അല്ലാഹു അതിനുള്ള പ്രതിഫലം നൽകുമെന്നും അവർക്കറിയാം.

ചില സംഭവങ്ങളാണ് ഞാനിപ്പോൾ വിവരിച്ചത്. ത്യാഗത്തിന്റെ അനന്തമായ ഒരു ശൃംഖലയണിത്. ഇവർ ധനത്യാഗം ചെയ്യുമെന്ന് പ്രതിജ്ഞ ചെയ്ത് അത് പൂർത്തിയാക്കാൻ വേണ്ടി എല്ലാ പ്രയാസങ്ങളും ചെയ്യുന്നു.

നിങ്ങൾക്കെല്ലാവർക്കും അറിയുന്നതുപോലെ ജനുവരിയുടെ ആദ്യവാരത്തിൽ വഖ്ഫെ ജദീദിന്റെ പുതുവർഷ പ്രഖ്യാപനമാണ് ഞാൻ നടത്താറാണുള്ളത്. ഇന്ന് വഖ്ഫ് ജദീദിന്റെ 56-ാം വർഷ പ്രഖ്യാപനം നടത്തുകയാണ്. അതോടൊപ്പം തന്നെ കഴിഞ്ഞ വർഷത്തെ ചില റിപ്പോർട്ടുകളും നിങ്ങളുടെ മുമ്പാകെ വെക്കുന്നതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ 55-ാം വർഷം അതായത് കഴിഞ്ഞ ഡിസംബർ 31ന് അവസാനിച്ച വർഷം 50,10,000 പൗണ്ടിന്റെ ത്യാഗമാണ് ജമാഅത്ത് സമർപ്പിച്ചത്. ഇത് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 3,17,000 പൗണ്ട് കൂടുതലാണ്. പാകിസ്ഥാൻ അവരുടെ ഒന്നാം സ്ഥാനം തന്നെ നിലനിർത്തിയിരിക്കുന്നു. പാകിസ്ഥാന് പുറത്തുള്ള രാഷ്ട്രങ്ങളെ നോക്കുകയാണെങ്കിൽ ഒന്നാം സ്ഥാനത്തിന് അർഹമായിരിക്കുന്നത് ബ്രിട്ടനാണ്. നിങ്ങൾക്കും (ഇവിടെയിരിക്കുന്നവർക്കും) സന്തോഷത്തിനുള്ള ഒരവസരമാണിത്. കാരണം നിങ്ങൾ വഖ്ഫെ ജദീദിൽ ഒന്നാം സ്ഥാനത്തെത്തിയിരിക്കുന്നു. (പാകിസ്ഥാനെ വിട്ടുകൊണ്ട്). അമേരിക്ക രണ്ടാം സ്ഥാനം, ജർമ്മനി മൂന്ന്, കനഡ നാല്, ഇന്ത്യ അഞ്ച്, ഓസ്റ്റ്രേലിയ ആറ്, ഇന്തോനേഷ്യ ഏഴ്, വെൽജിയം എട്ട്, മിഡിൽ ഈസ്റ്റിലെ ഒരു ജമാഅത്ത് ഒമ്പത്, സ്വിറ്റ്സർലന്റ് പത്ത്.

കറൻസിയുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വസൂലിയിൽ പ്രകടനമായ വർദ്ധനവ് ഉണ്ടായത് മൂന്ന് ജമാഅത്തുകളിലാണ്. ഓസ്റ്റ്രേലിയ 43.5 ശതമാനം, ഇന്ത്യയിൽ 31.5 ശതമാനം, ഇന്തോനേഷ്യയിൽ 25.19 ശതമാനം. ഫ്രാൻസ്, നോർവെ, തുർക്കി എന്നിവരും കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് നല്ല വർദ്ധന് വരുത്തിയിട്ടുണ്ട്. പർ ഹെഡ് കണക്കനുസരിച്ച് സുപ്രധാന ജമാഅത്തുകൾ അമേരിക്ക ഒന്നാം സ്ഥാനം. പാക്കിസ്ഥാനെ ഒഴിവാക്കി മൊത്തം വരവ് വെച്ചു നോക്കുമ്പോൾ ഇവർ രണ്ടാം സ്ഥാനത്താണ്. എന്നാൽ പെർ ഹെഡ് വെച്ച് നോക്കുമ്പോൾ ഒന്നാം സ്ഥാനത്താണിവർ. 88 പൗണ്ട് പെർ ഹെഡാണ്. സ്വിറ്റ്സർലന്റ് 55 പൗണ്ട് പെർ ഹെഡ്, ബ്രിട്ടന്റേത് 40 പൗണ്ട് പെർ ഹെഡ്, ബെൽജിയം 39 പൗണ്ട് പെർ ഹെഡ്. കനഡ 32 പൗണ്ട് പെർ ഹെഡ്.

ഈ വർഷം പുതുതായി അംഗങ്ങളെ ചേർക്കാൻ വേണ്ടി ഞാൻ പറഞ്ഞിരുന്നു, അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആഫ്രിക്കൻ നാടുകൾ ഇതിൽ പ്രത്യേകം ശ്രദ്ധിച്ചു. വഖ്ഫെ ജദീദിൽ പങ്കാളികളായവരുടെ മൊത്തം കണക്ക് 10,13,112 ആണ്. കഴിഞ്ഞ വർഷം ഇത് 6,90,000 ആയിരുന്നു. 3,27,000 ആളുകളാണ് പുതുതായി ഇപ്പോൾ ചേർന്നിരിക്കുന്നത്. മാശാ അല്ലാഹ്. യഥാർത്ഥത്തിൽ ഇതാണ് വേണ്ടത്. ഇതിൽ പങ്കാളികളാകുന്നവരുടെ അംഗസംഖ്യയാണ് വർദ്ധിപ്പിക്കേണ്ടത്. ഓരോരുത്തരുടെയും വിശ്വാസത്തിലും ദൃഢജ്ഞാനത്തിലും വർദ്ധനവുണ്ടാകുന്നതാണ്. ഈ വർഷം പുതുതായി അംഗങ്ങൾ ചേർന്നതിൽ ആഫ്രിക്കൻ രാജ്യങ്ങളിൽ നൈജീരിയ ഒന്നാം സ്ഥാനം, ഘാന രണ്ട്, സറലിയോൺ, ബെനിൻ, നൈജർ, ബുർക്കിനോഫാസു, ഐവറിക്കോസ്റ്റ്. ചെറിയ നാടുകളിൽ കാമറൂൺ, സെനിഗൾ, മാലി, തോഗോ, കനിഗറി എന്നിവരും വർദ്ധനവ് വരുത്തിയിട്ടുണ്ട്.

മറ്റു നാടുകളിൽ ജർമ്മനിയും ബ്രിട്ടനും കൂടുതൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. ഈ വർഷം ആദ്യമായി കബാബീർ ഉള്ളവർക്കും കുറച്ച് ഇളക്കം വന്നിരിക്കുന്നത്. അവരും മുമ്പിൽ വന്നിട്ടുണ്ടിപ്പോൾ. ആഫ്രിക്കയിൽ മൊത്തം പിരിഞ്ഞു കിട്ടിയ സംഖ്യയുടെ അടിസ്ഥാനത്തിൽ ആദ്യത്തെ അഞ്ച് ജമാഅത്തുകൾ ഒന്നാം സ്ഥാനം ഘാനയാണ്. ഈയൊരു ബഹുമതി അവർക്ക് നിലനിർത്താൻ സാധിക്കുമാറാകട്ടെ. രണ്ടാം സ്ഥാനം നൈജീരിയ, മൊറിഷ്യസ്, ബുർക്കിനൊഫാസു, അഞ്ചാമത്തെത് ഐവറി കോസ്റ്റ്.

പാകിസ്ഥാനിലെ മൂന്ന് ജമാഅത്തുകൾ ഒന്ന് ലാഹോർ, രണ്ട് റബ്വ, മൂന്ന് കറാച്ചി. കുട്ടികളുടെ ജില്ലതോറുമുള്ള കണക്കിന്റെ അടിസ്ഥാനത്തിൽ റാവൽപിണ്ടി ഒന്നാം സ്ഥാനം, ഇസ്ലാമാബാദ്, ഫൈസലാബാദ്, ശേഖപൂരാ, ഗുജ്റൻവാലാ, ഉമർകോട്ട്, ഗുജറാത്ത്, നാറോവാൾ, ഹൈദറബാദ്, സാങ്കട് എന്നിവ യഥാക്രമം സ്ഥാനങ്ങൾ കരസ്ഥമാക്കി. അത്ഫാലിൽ മൂന്ന് വലിയ ജമാഅത്തുകൾ ഒന്ന് ലാഹോർ, രണ്ട് കറാച്ചി, റബ്വ മൂന്ന്. അത്ഫാലിലെ ജില്ലാ അടിസ്ഥാനത്തിൽ റാവൽ പിണ്ടി, ഇസ്ലാമാബാദ്, ഫൈസലാബാദ്, ഉമർകോട്ട്. ഉമർകോട്ടും വളരെ പാവപ്പെട്ടൊരു ജില്ലയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ത്യാഗത്തിൽ മുൻപന്തിയിലാണ്. ഗുജ്റാത്ത്, ഹൈദറാബാദ്, ഉക്കാട, ബഹാൽപൂർ, ഡെറാ ഖാസിഖാൻ എന്നിവയാണ് മറ്റുള്ളവ.

മൊത്തത്തിലുള്ള പിരിവിന്റെ അടിസ്ഥാനത്തിൽ ബ്രിട്ടനിലെ 10 ജമാഅത്തുകൾ റെയ്ൻസ് പാർക്ക്, പെർമിംഗം വെസ്റ്റ്, ബുസ്റ്റർ പാർക്ക്, ഹ്യൂമാർഡൻ, വെസ്റ്റ് ട്രെയ്ഡൻ, പെർമിംകം സെന്റർ, ബൈത്തുൽ ഫുത്തൂഹ്, ജലിംഗം, കാർസ്ഫ്രീഡ്, വിംബിംൽഡൻ. പിരിഞ്ഞു കിട്ടിയതിൽ റീജൺ കണക്ക്. മിഡിൽ റീജൻ, സൗത്ത് റീജൻ, ലണ്ടൻ, മിഡിൽ ഈസ്റ്റ്, നോർത്ത് ഈസ്റ്റ്. വസൂലിയുടെ അടിസ്ഥാനത്തിൽ അമേരിക്കയിലെ അഞ്ച് ജമാഅത്തുകൾ ലോസ് ഏഞ്ചലസ് ഇല്ലെൻ എമ്പയർ, സിലിക്കൻ വാലി നമ്പർ 2, ലിറ്റ്രോയിഡ്, സിയാറ്റൽ, ശിക്കാഗോ വെസ്റ്റ്. വുസൂലിയുടെ അടിസ്ഥാനത്തിൽ ജർമ്മനിയുടെ റീജൻ എമ്പർഗ്, എമ്പർഗ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ മുന്നേറുന്നുണ്ട്. ഒന്നാം സ്ഥാനമാണ്. ഫ്രാങ്ക്ഫർട്ട്, റോസ്റൗ,ലാൻസ്റ്റ്റേറ്റ്,

ഗ്രീസ് വാദൻ, മൈന്‍ഡസ്ഫാങ്കെൻ, ഏസൻ വെസ്റ്റ്, ന്യൂ ട്രെയ്ൻ, ഏസമെറ്റെ, ബാദൻ. വസൂലിയുടെ അടിസ്ഥാനത്തിൽ ജർമ്മനിയിലെ 10 ജമാഅത്തുകൾ ന്യൂ ജൻമാർക്ക്, എനോവർ, പേറ്റ് ബർഗ്, ഗിൻസൈൻ, ഐരൽ ബെർഗ്, ബുള്ഡാ, ട്രാൻഹൈൻ, വെൻഗാർഡന്, വെൻഫിക്കൻ. ദഫ്തർ അത്ഫാലിന്റെ കണക്കനുസരിച്ച് കാനഡയിൽ കാൽഗരി ഈസ്റ്റ് വില്ലേജ്, സൗത്ത് എഡ്മിന്റൻ, ജർഹം, സറായെ ഈസ്റ്റ്.

ചന്ദ പിരിഞ്ഞു കിട്ടിയതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ സംസ്ഥാനങ്ങൾ കേരള ഒന്നാം സ്ഥാനം, തമിഴ്നാട്, ജമ്മു കശ്മീർ, ആന്ധ്ര പ്രദേശ്, വെസ്റ്റ് ബംഗാൾ, കർണ്ണാടക, ഒഢീസ, ഖാദിയാനെ സംസ്ഥാനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്, പഞ്ചാബ്, ഉത്തർ പ്രദേശ്, മഹാരാഷ്ട്ര, ഡൽഹി. പണം പിരിഞ്ഞുകിട്ടിയതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ 10 ജമാഅത്തുകൾ കോയമ്പത്തൂർ ഒന്നാം സ്ഥാനം, കോഴിക്കോട് രണ്ടാം സ്ഥാനം, കരുളായി, കണ്ണൂർ ടൗൺ, ഖാദിയാൻ, ഹൈദരാബാദ്, കൽക്കത്ത, പഴയങ്ങാടി, ചെന്നൈ, ബാംഗ്ലൂർ, ഋഷി നഗർ.

അല്ലാഹു ഈ ത്യാഗം ചെയ്ത എല്ലാവരുടെയും ധനത്തിലും മക്കളിലും കൂടുതലായി ബർക്കത്തുകൾ നൽകുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "അല്ലാഹുവിന്റെ ദാസർ ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുന്നു. അവരോട് അവൻ കരുണയും സ്നേഹവും വെച്ച് പുലർത്തുന്നു. അവൻ സ്വയം പറയുന്നു, **വല്ലാഹു റഊഫും ബിൽ ഇബാദ്.** അല്ലാഹു അവർക്ക് നൽകിയ ജീവിതത്തെ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അവർ വഖ്ഫ് ചെയ്യുന്നു. തന്റെ ജീവനെ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ത്യജിക്കുക എന്നത്, തന്റെ ധനം അവന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുക എന്നത്, അവന്റെ ഫള്ലും സൗഭാഗ്യവുമായി അവൻ കരുതുന്നു. എന്നാൽ ഈ ഭൗതീക സമ്പത്തും മുതലും തങ്ങളുടെ ജീവിതലക്ഷ്യമായി ആരാണോ കാണുന്നത്, അവർ ഒരു മങ്ങിയ കണ്ണുകൊണ്ടാണ് ദീനിനെ കാണുന്നത്. എന്നാൽ യഥാർത്ഥ വിശ്വാസിയുടെ, സത്യസന്ധനായ ഒരു മുസ്ലിമിന്റെ ജോലി ഇതല്ല. യഥാർഥ ഇസ്ലാം എന്നാൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ തന്റെ കഴിവുകളും ശക്തികളും തന്റെ ജീവിതാവസാനം വരെ വഖ്ഫ് ചെയ്യുക എന്നുള്ളതാണ്. അങ്ങനെ വിശുദ്ധ ജീവിതത്തിന്റെ അവകാശികളായി അവർ മാറുന്നതാണ്."

അല്ലാഹു നമുക്കെല്ലാവർക്കും തന്നെ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ എല്ലാ തരം ത്യാഗത്തിലും മുന്നേറുവാൻ തൗഫീഖ് നൽകുമാറാകട്ടെ. ഇത് കൂടാതെ ദുആക്കുള്ള മറ്റൊരു അപേക്ഷ കൂടി ഞാൻ വെക്കുകയാണ്. ലിബിയയിൽ ഇപ്പോൾ അഹ്മദികളുടെ അവസ്ഥ വളരെ മോശമാണ്. അവിടെ ഭരണമൊന്നുമില്ല. ഓരോ സംഘടനകളും, ഓരോ ശക്തികളും അവരവരുടെതായ രീതിയനുസരിച്ച് പ്രവർത്തിക്കുന്നു. അഹ്മദികളെ പിടിച്ചുകൊണ്ട് പോകാൻ വേണ്ടി അവർ പോലീസിനെ നിർബന്ധിപ്പിക്കുന്നു. പല സ്ഥലത്തും ടോർച്ചറും ചെയ്യുന്നുണ്ട്. പണ്ഡിതന്മാർ പറയുന്നതനുസരിച്ച് അവരെ പിടിച്ചുകൊണ്ട് പോയി അവരെ ജയിലടച്ചിരിക്കുകയാണ്. അവർ വളരെയധികം അസ്വസ്തരാണ്. പ്രത്യേകിച്ച് ലിബിയവാസികളല്ലാത്തവർ. അവർക്ക് മോചനത്തിനുള്ള വഴി അല്ലാഹു പെട്ടെന്ന് തുറക്കുമാറാകട്ടെ.

**PRINTED BOOKS**

To

From

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2013 January 04 at : Baitul Futuh London
Translation: M.Nasar Ahmad,Kodiyathur - 09497343704

Typing: M.Nasar Ahmad & Tahir Ahmad
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**